**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2452** **12-12-2022 - ൽ മറുപടിയ്ക്ക്**

**കടകളിൽ വിലവിവര പട്ടികകൾ പ്രദർശിപ്പിക്കാത്തതിന് സ്വീകരിക്കുന്ന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കടകളിൽ വിലവിവര പട്ടികകൾ പ്രദർശിപ്പിക്കാത്തതിന് നിലവിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം, ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ പൊതു വിപണിയിലെ 3222 കടകളിൽ പരിശോധന നടത്തിയിരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്. ജില്ലാ സപ്ലൈ ഓഫീസർ/താലൂക്ക് സപ്ലൈ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിച്ച് കർശന പരിശോധനകൾ നടത്തുന്നുണ്ട്. സംസ്ഥാന കൺട്രോൾ ഓർഡർ പ്രകാരമുള്ള ലൈസൻസുകൾ ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ വകുപ്പിന് പൊതുവിപണി പരിശോധിക്കുന്നതിന് നിലവിൽ പരിമിതിയുണ്ട്. പൊതു വിപണി പരിശോധനയിൽ വില വിവര പട്ടിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ അവശ്യ വസ്തു നിയമത്തിലെ സെക്ഷൻ 6A പ്രകാരം കണ്ടുകെട്ടൽ നടപടികൾ സ്വീകരിക്കുന്നത് ഗുരുതര സാമൂഹ്യ പ്രത്യാഘാതം സൃഷ്ടിക്കുമെന്നതിനാൽ നോട്ടീസ് നൽകി വ്യാപാരികളെ ബോധവൽക്കരിക്കുന്ന നടപടികൾ മാത്രമാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്. |
| (ബി) | വിലവിവര പട്ടിക പ്രദർശിപ്പിക്കാത്തതിന് എത്ര രൂപയാണ് പിഴ ചുമത്തുന്നത് എന്നും അറിയിക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം, ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ പൊതു വിപണിയിലെ 3222 കടകളിൽ പരിശോധന നടത്തിയിരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്. ജില്ലാ സപ്ലൈ ഓഫീസർ/താലൂക്ക് സപ്ലൈ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിച്ച് കർശന പരിശോധനകൾ നടത്തുന്നുണ്ട്. സംസ്ഥാന കൺട്രോൾ ഓർഡർ |

| | | | |
|---|---|---|---|
| | | | പ്രകാരമുള്ള ലൈസൻസുകൾ ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ വകുപ്പിന് പൊതുവിപണി പരിശോധിക്കുന്നതിന് നിലവിൽ പരിമിതിയുണ്ട്. പൊതു വിപണി പരിശോധനയിൽ വില വിവര പട്ടിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ അവശ്യ വസ്തു നിയമത്തിലെ സെക്ഷൻ 6A പ്രകാരം കണ്ടുകെട്ടൽ നടപടികൾ സ്വീകരിക്കുന്നത് ഗുരുതര സാമൂഹ്യ പ്രത്യാഘാതം സൃഷ്ടിക്കുമെന്നതിനാൽ നോട്ടീസ് നൽകി വ്യാപാരികളെ ബോധവൽക്കരിക്കുന്ന നടപടികൾ മാത്രമാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ